# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3657 — 17.12.2015-ൽ മറുപടിക്ക്

## ഹാർബർ എഞ്ചിനീയറിംഗ് ശക്തിപ്പെടുത്തൽ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ.ഷാഫി പറമ്പിൽ | | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ഹാർബർ എഞ്ചിനീയറിംഗ് മേഖല ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന വിശദമാക്കുമോ; | (എ) | തീരദേശ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ട് മത്സ്യബന്ധന തുറമുഖങ്ങൾ, മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ, തീരദേശ റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണം എന്നിവ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തൃശ്ശൂർ ഒഴികെ തീരദേശമുള്ള എല്ലാ ജില്ലകളിലും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയങ്ങളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൊല്ലത്തും ബേപ്പൂരും (കോഴിക്കോട്) അന്വേഷണ ഗവേഷണ പഠനകേന്ദ്രങ്ങൾ, ഗുണനിലവാര പരിശോധന കേന്ദ്രങ്ങൾ എന്നിവയ്ക്കായി ഇൻവെസ്റ്റിഗേഷൻ സബ് ഡിവിഷനുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തുറമുഖ, ഫിഷറീസ്, ടൂറിസം വകുപ്പുകളുടെ സർവ്വീസ് ഡിപ്പാർട്ട്മെന്റായി പ്രവർത്തിക്കുന്നു. കൂടാതെ തീരദേശ മേഖലയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റേയും സർവ്വീസ് ഡിപ്പാർട്ട്മെന്റായും പ്രവർത്തിച്ചു വരുന്നു. ഈ വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി ഐ പ്രോമിസ് പ്രോഗ്രാം വഴി പ്രവർത്തികളുടെ പുരോഗതി നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും പുറമെ എസ്റ്റിമേറ്റുകൾ കുറ്റമറ്റ രീതിയിലും വേഗതയോടും കൂടി തയ്യാറാക്കുന്നതിനുമായി പ്രൈസ് സോഫ്റ്റ് വെയർ നടപ്പാക്കി വരുന്നു. ഈ വകുപ്പിൽ CPWD ഡേറ്റയും സ്പെസിഫിക്കേഷനുമാണ് പിൻതുടരുന്നത്. പൊതുമരാമത്ത് വകുപ്പിലെ മാനുവൽ |

| | | | |
|---|---|---|---|
| | | | പരിഷ്കരിച്ചതിനൊപ്പം ഈ വകുപ്പിലേയും മാനവൽ കാലികമായി പരിഷ്കരിക്കാനുള്ള നടപടി നടന്നു വരുന്നു. 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള പ്രവർത്തികൾക്ക് ഇ-ദർഘാസ് ആക്കിയതു വഴി സമയലാഭവും അതോടൊപ്പം മത്സര സ്വഭാവവുമുള്ള ദർഘാസുകൾ ലഭിക്കുന്നതിനും ഇടയാക്കി. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | തീരദേശ മേഖലയുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കി താഴെപ്പറയുന്നവ നടപ്പിലാക്കി. കൂടുതൽ കൃത്യതയിലും വേഗത്തിലും എസ്റ്റിമേറ്റുകൾ തയ്യാറാക്കുവാൻ പ്രൈസ് സോഫ്റ്റ്‌വെയർ നടപ്പിലാക്കി. പ്രവൃത്തികൾ ഇ-ദർഘാസ് മുഖേന നടപ്പിലാക്കിയതു വഴി കൂടുതൽ മത്സര സ്വഭാവമുള്ള ദർഘാസ് ലഭിക്കാനും സമയനഷ്ടം കുറയ്ക്കാനും സാധിച്ചു. ഐ-പ്രോമിസ് പദ്ധതി ഏർപ്പെടുത്തിയതുവഴി പ്രവൃത്തികളുടെ പുരോഗതിയും അനുബന്ധ വിവരങ്ങളും അതിവേഗത്തിൽ ലഭിക്കുവാനിടയാക്കി. ഇഫക്ടീവ് മാനേജ്മെന്റ് ഇൻ ലെറ്റർ ഓഫ് ക്രെഡിറ്റ് ഇഷ്യൂവൽ സംവിധാനം ഏർപ്പെടുത്തിയതു വഴി യഥാസമയത്തിനും അതോടൊപ്പം മുൻഗണനാ ക്രമത്തിലും കരാറുകാർക്ക് പേയ്മെന്റ് നൽകുവാനും സാധിച്ചു. |
| (സി) | പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ ? | (സി) | പദ്ധതികൾ യഥാസമയം നടപ്പിലാക്കുവാൻ എല്ലാ മാസവും അവലോകന യോഗങ്ങൾ നടത്തി പ്രശ്നങ്ങൾ പരിഹരിച്ച് നിശ്ചിത കാലാവധിയ്ക്കകം പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ